ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 29.09.2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന് ഒരു പതിറ്റാണ്ട്; ഭാരതം ഉൽപ്പാദനത്തിൻറെ ശക്തി കേന്ദ്രമായി മാറിയതായി പ്രധാനമന്ത്രി.

2. സ്വച്ഛ് ഭാരത് മിഷന് ഊർജ്ജമേകുന്ന കോഴിക്കോട് സ്വദേശി സുബ്രഹ്മണ്യന്റെയും മാഹി സ്വദേശി കെ. രമ്യയുടെയും പ്രവർത്തനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി.

3. രാജ്യത്തിന്റെ ഓരോ കോണിലും നടക്കുന്ന 'ജലസംരക്ഷണ' ശ്രമങ്ങളിൽ എല്ലാവരും പങ്കാളികളാകണമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

4. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം കണ്ണൂർ കല്ല്യാശ്ശേരിയിൽ സജ്ജമാകുന്നു. ഒന്നാം ഘട്ടത്തിൻറെ ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

*************************************

## ജലസംരക്ഷണം- മൻ കി ബാത്ത്

ജലസംരക്ഷണം ഏറെ പ്രധാനമാണെന്നും മഴക്കാലത്ത് സംഭരിക്കുന്ന ജലം ജലപ്രതിസന്ധി കുറയ്ക്കാൻ സഹായിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ക്യാച്ച് ദ റെയിൻ' പോലെയുള്ള ക്യാമ്പയിനുകളുടെ ഉദ്ദേശം ഇതാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഉത്തർപ്രദേശിലെ ഝാൻസിയിൽ സ്ത്രീകൾ ചേർന്ന് ഘുരാരി നദിയ്ക്ക് പുതുജീവൻ നൽകിയതായും 'ജൽ സഹേലി' എന്ന ക്യാമ്പയിനിന് നേതൃത്വം നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു. സ്ത്രീശക്തി ജലശക്തിയെ വർദ്ധിപ്പിക്കുന്നതായും എന്നാൽ, ചിലയിടങ്ങളിൽ ജലശക്തി സ്ത്രീശക്തിയെ വർദ്ധിപ്പിക്കുന്നതായും ശ്രീ മോദി അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ ഓരോ കോണിലും നടക്കുന്ന 'ജലസംരക്ഷണ' ശ്രമങ്ങളിൽ എല്ലാവരും പങ്കാളികളാകണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

RNU TVPM

************************************

## മൻ കി ബാത്ത്- സ്വച്ഛ് ഭാരത് മിഷൻ - ഇൻട്രോ

സ്വച്ഛ് ഭാരത് മിഷന് 10 വർഷം തികയുകയാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, മഹാത്മാഗാന്ധിക്കുള്ള യഥാർത്ഥ ആദരവ് കൂടിയാണ് ഇതെന്നും വ്യക്തമാക്കി. മാലിന്യത്തിൽ നിന്നും സമ്പത്ത് എന്ന മന്ത്രത്തിന് ജനപ്രീതി ലഭിക്കുന്നത് 'സ്വച്ഛ് ഭാരത് മിഷന്റെ' വിജയമാണെന്നും 'Reduce, Reuse, Recycle' എന്നതിനെ കുറിച്ച് ആളുകൾ സംസാരിക്കാൻ തുടങ്ങിയതായും ശ്രീ മോദി പറഞ്ഞു. കേരളത്തിലെ കോഴിക്കോട്ട് കസേരകൾ നന്നാക്കി പുനരുപയോഗ

യോഗ്യമാക്കുന്ന സുബ്രഹ്മണ്യത്തെക്കുറിച്ചും പ്രധാനമന്ത്രി മൻ കീ ബാത്തിൽ പരാമർശിച്ചു.

(ഹോൾഡ് വോയ്സ്- പിഎം)

**********************************

## സുബ്രഹ്മണ്യൻ - ഇൻട്രോ

23,000 ത്തിലധികം കസേരകളാണ് ശ്രീ സുബ്രഹ്മണ്യൻ ഇക്കാലയളവിൽ നന്നാക്കിയത്. മൻ കി ബാത്തിൽ പ്രധാനമന്ത്രി തന്നെക്കുറിച്ച് പരാമർശിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് സുബ്രഹ്മണ്യൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

**********************************

## രമ്യ - മൻ കി ബാത്ത് - ഇൻട്രോ

പുതുച്ചേരിയിലെ ബീച്ചുകളിൽ ശുചിത്വവുമായി ബന്ധപ്പെട്ട് വൻ പ്രചാരണമാണ് നടക്കുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മാഹി മുനിസിപ്പാലിറ്റിയിലെയും പരിസര പ്രദേശങ്ങളിലെയും യുവാക്കളുടെ സംഘത്തെ നയിക്കുന്ന ശ്രീമതി രമ്യയെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. രമ്യയുടെയും സംഘത്തിൻറെയും പ്രയത്നത്താൽ മാഹി പ്രദേശവും അവിടത്തെ ബീച്ചുകളും പൂർണ്ണമായും ശുചീകരിക്കപ്പെട്ടതായും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ പരാമർശത്തിൽ സന്തോഷിക്കുന്നതായി നെഹ്റു യുവ കേന്ദ്ര മാഹി - കണ്ണൂർ ജില്ലാ യുത്ത് ഓഫീസർ കൂടിയായ രമ്യ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

PNU TVPM

***********************************

## മൻ കി ബാത്ത്-പൈതൃകം

വികസനവും പൈതൃകവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. യു എസ് സന്ദർശന വേളയിൽ 300 ഓളം പുരാവസ്തുക്കൾ അമേരിക്ക ഇന്ത്യക്ക് തിരികെ നൽകിയാതായി അദ്ദേഹം പറഞ്ഞു. ടെറാക്കോട്ട, കല്ല്, ആനക്കൊമ്പ്, മരം, ചെമ്പ്, വെങ്കലം തുടങ്ങിയവയിൽ നിർമ്മിച്ച വസ്തുക്കളാണ് തിരികെ ലഭിച്ചത്. കലയെക്കുറിച്ച് നമ്മുടെ പൂർവ്വികർക്ക് എത്രമാത്രം ധാരണയുണ്ടായിരുന്നെന്ന് ഈ വസ്തുക്കൾ തെളിയിക്കുന്നതായി അദ്ദേഹം പറഞ്ഞു. മറ്റ് രാജ്യങ്ങളിൽ ഉള്ള പുരാവസ്ത്ക്കൾ തിരികെയെത്തിക്കാൻ പ്രവർത്തിച്ചു വരികയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

***********************************

## മൻ കി ബാത്ത്- മേക്ക് ഇൻ ഇന്ത്യ -ഇൻട്രോ

ഭാരതം ഉൽപ്പാദനത്തിൻറെ ശക്തി കേന്ദ്രമായി മാറിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ പറഞ്ഞു. രാജ്യത്തിന്റെ യുവശക്തി ലോക ശ്രദ്ധ ആകർഷിച്ചതായും ഓട്ടോമൊബൈൽസ്, ടെക്സ്റ്റൈൽസ്, വ്യോമയാനം, ഇലക്ട്രോണിക്സ്, പ്രതിരോധം തുടങ്ങി എല്ലാ മേഖലകളിലും രാജ്യത്തിൻറെ കയറ്റുമതി തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്ത് തുടർച്ചയായി വിദേശ നിക്ഷേപം വർധിക്കുന്നത് മേക്ക് ഇൻ ഇന്ത്യയുടെ വിജയഗാഥ കൂടിയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. മേക്ക് ഇൻ ഇന്ത്യ പദ്ധതി 10 വർഷം തികയുന്ന വേളയിലാണ് പ്രധാനമന്ത്രിയുടെ പരാമർശം.

**(ഹോൾഡ് വോയ്സ്)**

RNU TVPM

എന്ത് വാങ്ങിയാലും എന്ത് സമ്മാനം നൽകിയാലും അത് 'മെയ്ഡ് ഇൻ ഇന്ത്യ' ആയിരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

************************************

## ഏക് പേട് - മൻ കി ബാത്ത്

പരിസ്ഥിതി സംരക്ഷണത്തിനായി ആരംഭിച്ച 'ഏക് പേട് മാ കേ നാം' ക്യാമ്പെയിൻ വലിയ വിജയമാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ പുതിയ റെക്കോർഡ് സൃഷ്ടിച്ചു. രാജ്യത്തെ ആയിരക്കണക്കിന് സ്കൂളുകളും പ്രചാരണത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

************************************

## മൻ കി ബാത്ത്- ആകാശവാണി

ഇന്ന് മൻ കി ബാത്ത് പരിപാടി പത്ത് വർഷം പൂർത്തിയാക്കി. ഇക്കാലയളവിൽ പരിപാടി ജനങ്ങളിലേക്കെത്തിച്ച ദൂരദർശൻ, പ്രസാർഭാരതി, ആകാശവാണി എന്നിവയുമായി ബന്ധപ്പെട്ട എല്ലാവരെയും പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. അവരുടെ അശ്രാന്ത പരിശ്രമം മൂലം പരിപാടി സുപ്രധാന ഘട്ടത്തിൽ എത്തിയതായും അദ്ദേഹം പറഞ്ഞു. തുടർച്ചയായി 'മൻ കി ബാത്ത്" സംപ്രേക്ഷണം ചെയ്ത ചാനലുകളോട് കടപ്പെട്ടിരിക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി. മൻ കി ബാത്തിലെ വിഷയങ്ങളെ ആസ്പദമാക്കി ക്യാംപയിനുകൾ സംഘടിപ്പിച്ച അച്ചടിമാധ്യമങ്ങളോടും പരിപാടികൾ ചെയ്ത യൂട്യൂബർമാർക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

RNU TVPM

************************************

## വേവ്സ് ഇന്ത്യ - മൻ കി ബാത്ത്

യുവാക്കളുടെ സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ആരംഭിച്ച വേവ്സ്-'Create in India' എന്ന പ്രമേയത്തിന് കീഴിൽ 25 ചലഞ്ചുകളിൽ പങ്കെടുക്കാൻ രാജ്യത്തുടനീളമുള്ള യുവാക്കളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി. ഗെയിമിംഗ്, ആനിമേഷൻ, റീൽ മേക്കിംഗ്, ഫിലിം മേക്കിംഗ്, പോസ്റ്റർ നിർമ്മാണം എന്നിവയിലെ കഴിവുകൾ wavesindia.org- ൽ പങ്കിടണമെന്നും അദ്ദേഹം പറഞ്ഞു.

************************************

RNU TVPM

## സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം

ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം കണ്ണൂർ കല്ല്യാശ്ശേരിയിൽ സജ്ജമാകുന്നു. ഒന്നാം ഘട്ടത്തിൻറെ ഉദ്ഘാടനം മറ്റെന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇലക്ട്രോലൈറ്റിക്ക് കപ്പാസിറ്ററുകളെക്കാൾ 100 മടങ്ങ് ഊർജ്ജം സംഭരിക്കാൻ ശേഷിയുള്ളതാണ് സൂപ്പർ കപ്പാസിറ്ററുകള്. വളരെ വേഗത്തിൽ ചാർജ്ജ് സ്വീകരിക്കാനും വിതരണം ചെയ്യാനും ഇവയ്ക്ക് സാധിക്കും. പ്രതിദിനം 2000 സൂപ്പർ കപ്പാസിറ്ററുകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള സംവിധാനമാണ് കെൽട്രോണിൽ സജ്ജമായിട്ടുള്ളത്. ഐ.സ്.ആർ.ഒ.യുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

************************************

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 ന് ഗുവാഹത്തിയിലാണ് മത്സരം.

***********************************

## ലോക ഹൃദയദിനം

ഇന്ന് ലോക ഹൃദയദിനം. ഹൃദയ സംബന്ധമായ രോഗങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആഗോളതലത്തിൽ ഹൃദയാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും സെപ്റ്റംബർ 29 ന്, ഹൃദയ ദിനമായി ആചരിക്കുന്നു. ഹൃദയ സംബന്ധമായ രോഗങ്ങൾ തടയുന്നതിന് സജീവമായ നടപടികൾ കൈക്കൊള്ളാൻ വ്യക്തികൾക്കും സർക്കാരുകൾക്കും, ആരോഗ്യ സ്ഥാപനങ്ങൾക്കും ഈ ദിനം ഒരു ഓർമ്മപ്പെടുത്തലാണ്.

RNU TVPM

***********************************

## അവലോകന യോഗം ഇടുക്കി

ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവ ക്രമീകരണം സംബന്ധിച്ച അവലോകന യോഗം ഇടുക്കി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് യോഗത്തിൽ തീരുമാനമായി. തീർത്ഥാടന പാതയിൽ സുരക്ഷക്കാവശ്യമായ പൊലീസിനെ വിന്യസിക്കുന്നതുൾപ്പെടെ നിരവധി തീരുമാനങ്ങൾ യോഗത്തിലുണ്ടായി.

***********************************

## പുഷ്പൻ

അന്തരിച്ച സി പി ഐ എം പ്രവർത്തകൻ പുഷ്പന്റെ സംസ്കാരം ഇന്ന് വൈകുന്നേരം തലശ്ശേരി ചൊക്ലി മേനപ്രത്തെ വീട്ടുപരിസരത്ത് നടത്തും. മൃതദേഹം തലശ്ശേരി ടൗൺഹാളിൽ പൊതുദർശനത്തിന് വച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, നിയമസഭാ സ്പീക്കർ എ എൻ ഷംസീർ, തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. 1994 നവംബർ 25 ന് കൂത്തുപറമ്പിൽ ഉണ്ടായ വെടിവെപ്പിൽ പരിക്കേറ്റ് കിടപ്പിലായ പുഷ്പൻ ഇന്നലെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലാണ് മരിച്ചത്. പുഷ്പൻറെ നിര്യാണത്തിൽ അനുശോചിച്ച് ഇന്ന് കൂത്തുപറമ്പ്, തലശ്ശേരി അസംബ്ലി മണ്ഡലങ്ങളിലും മാഹിയിലും ഹർത്താൽ ആചരിക്കുകയാണ്.

**************************************

## അമൽ - മൃതദേഹം

ഉത്തരാഖണ്ഡിലെ ഗരുഡ കൊടുമുടി കയറുന്നതിനിടെ ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്നു മരണപ്പെട്ട ഇടുക്കി വെള്ളത്തൂവൽ സ്വദേശി അമൽ മോഹൻ്റെ മൃതദേഹം ഇന്ന് വീട്ടിലെത്തിക്കുമെന്ന് നോർക്ക സിഇഒ അജിത്ത് കോളശേരി അറിയിച്ചു. വൈകുന്നേരം നാലിന് നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിക്കുന്ന മൃതദേഹം ആംബുലൻസിൽ ഇടുക്കിയിൽ അമലിൻറെ വീട്ടിലെത്തിക്കും.

**************************************

RNU TVPM

## മഴ

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

*******************************************************

************************************

**********************

RNU TVPM